Kerala Board



Question Paper

2024

aglasem.com

SSLC PRE- MODEL EXAMINATION - 2024

MALAPPURAM DISTRICT

MPM - 301 A

മലയാളം I (കേരളപാഠാവലി)

(SET III - A)

Time : 1½ Hours
Total Score : 40

1. 'ഭൂമിക്കൊപ്പം അഴലിൻചുമടു
മായിരിക്കുമൊരമ്മയെ (മൈക്കലാഞ്ചലോ മാപ്പ്) അടിവരയിട്ട പ്രയോഗത്തിന്റെ അർത്ഥമെന്ത്?
(a) അതിരറ്റ സന്തോഷം (b) അസഹ്യമായ ദു:ഖം (c) ഭാരം ചുമക്കാനുള്ള കരുത്ത് (d) ജീവിത വിരക്തി
2. 'വഴിപിഴച്ച ഒരു യുവാവിനെ മാതൃഹൃദയത്തിന്റെ ഒരു ചിത്രം വരച്ചുകാണിച്ച് മനസ്സിളക്കി". മാതൃഹൃദയം വിഗ്രഹിച്ചെഴുതിയാൽ
(a) മാതാവിന്റെ ഹൃദയം (b) മാതൃത്വത്തിന്റെ ഹൃദയം (c) ഹൃദയമുള്ള മാതാവ് (d) മാതാവും ഹൃദയവും
3. കലിയുടെ വാക്കുകളിൽ പുഷ്ക്കരനെ ഏറ്റവുമധികം പ്രലോഭിക്കുന്നത് എതാണ്?
(a) പഴുതേ ജന്മം നിഷ്ഫലമാക്കരുതേ (b) പാരിലെന്നെയിന്നാരറിയാതവർ
(c) നളനും നീയും ഭേദമെന്തിവിടെ (d) തസ്യനാടു ഞാൻ തേ തരുന്നു
4. 'നീ എന്റെ ഹൃദയത്തിനകത്താണോ നിൽക്കുന്നത്.?' (ആത്മാവിന്റെ വെളിപാടുകൾ) ചോദ്യത്തിന്റെ ആശയവുമായി സാമ്യമുള്ള വാക്യം ഏത്
(a) നീ എന്റെ കഥാപാത്രങ്ങളുടെ സൃഷ്ടിരഹസ്യം കണ്ടെത്തിയിരിക്കുന്നു. (b) നീ എന്റെ എല്ലാ ജീവിത രഹസ്യങ്ങളും മനസ്സിലാക്കിയിരിക്കുന്നു (c) നീ എന്റെ ഹൃദയത്തിലെ മുറിവുകളുടെ ആഴം അറിഞ്ഞിരിക്കുന്നു (d) നീ എന്റെ ജീവിതവീക്ഷണം തിരിച്ചറിഞ്ഞിരിക്കുന്നു
5. 'ഇന്നുഞാൻ സർവ്വ പാഞ്ചാലരെയും വസുദേവൻ കാണെ ത്തന്നെ കാലന്നൂർ പൂകിക്കും ' അടിവരയിട്ട പ്രയോഗം അർത്ഥമാക്കുന്നത്
(a) നാട്ടിൽ നിന്ന് ഓടിക്കും (b)പരലോകത്തേക്ക് അയക്കും
(c) സമൂഹഭ്രഷ്ടനാക്കും (d) മാനഹാനി വരുത്തും)

6 മുതൽ 8 വരെ ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. 2 മാർക്ക് വീതം

6. 'സ്വാപദേ സ്വയമചോദയജ്ജളം
സ്വാപതേയ ഹരണായ പുഷ്ക്കരം' വരികളുടെ ഭാഷാപരമായ പ്രത്യേകത വ്യക്തമാക്കുക
7. 'ഒരു സത്യവാനായിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തമെന്നു നിങ്ങൾ പ്രതിജ്ഞ ചെയ്തീട്ടുള്ളത് മറക്കരുതേ ഒരിക്കലും മറന്നുപോകരുത്' (പാവങ്ങൾ) മെത്രാൻ നൽകിയ ഉപദേശത്തിന്റെ പൊരുളെന്ത്..?
8. 'ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമാണുഞാൻ' (അശ്വമേധം) ഈ പ്രഖ്യാപനം കൊണ്ട് കവി ഉദ്ദേശിക്കുന്നതെന്ത്..?

9 മുതൽ 14 വരെ 5 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക 4 മാർക്ക് വീതം

9. 'ഭാരതമാകട്ടെ നടന്ന കഥമാത്രമല്ല നടക്കാനിരിക്കുന്ന കഥകൂടിയാണെന്ന് എവിടെ നോക്കിയാലും കാണുന്നു.
(യുദ്ധത്തിന്റെ പരിണാമം) ഈ നിരീക്ഷണത്തിന്റെ പൊരുൾ കണ്ടെത്തി എഴുതുക
10. 'ഹൃദയമേ ഇനി ആശ്വസിക്കാം ദൈവം മത്സരംവിട്ട് എന്റെ നേരെ കരുണചെയ്തു എന്നു തോന്നുന്നു ഇത് ആര്യപുത്രൻ തന്നെ." (ഋതുയോഗം)ശകുന്തളയുടെ ഈ ആത്മഗതത്തിന്റെ പൊരുൾ കഥാസന്ദർഭവുമായി ബന്ധിപ്പിച്ച് വിവരിക്കുക

11. 'ചോറുപൊതി അഴിക്കാൻ തോന്നിയില്ല. തുവർത്തിലൂടെ പുറത്തേക്ക് കുതിർന്ന അതിന്റെ നനവിൽ കൈവെച്ചുകൊണ്ട് വെള്ളായിയപ്പൻ ഇരുന്നു. (കടൽത്തീരത്ത്) കഥയെ ഭാവതീവ്രമാക്കുന്നതിൽ പൊതിച്ചോറിനുള്ള സ്ഥാനം കണ്ടെത്തി എഴുതുക
12 'അസ്തമയം കഴിഞ്ഞുള്ള മരവിച്ച വെളിച്ചത്തിലൂടെ കിഴവൻ മിറൽ വേച്ചുവേച്ചുനടന്നു.'ഇടം വലം ഉലഞ്ഞ് വീട് അടുത്തുവന്നു 'ഉരുളക്കിഴങ്ങു തിന്നുന്നവർ എന്ന കഥയുടെ ആഖ്യാന സവിശേഷത വ്യക്തമാക്കി കുറിപ്പു തയ്യാറാക്കുക
13. 'ദിവസേന പൊട്ടിയകുപ്പിയും കീറക്കടലാസും പഴന്തുണിയുമൊക്കെ പെറുക്കി നടന്ന് വിറ്റില്ലെങ്കിൽ അന്നന്നത്തെ ആഹാരത്തിന് വഴിയില്ലാത്ത അവസ്ഥയിലായി അവർ.' (അക്കർമാശി)അടിസ്ഥാന ജനവിഭാഗങ്ങളുടെ ജീവിതാവസ്ഥ 'അക്കർമാശി'യിൽ എങ്ങനെ പ്രതിഫലിക്കുന്നു.? പാഠഭാഗം കൂടി പരിഗണിച്ച് വിശദമാക്കുക
14. 'കണ്ടുടൻ സ്വയമറിഞ്ഞിടാത്തതോർ
ത്തിണ്ടൽ വേണ്ട സഖി, കേണിടേണ്ട കേൾ
പണ്ടു നിന്നെ യൊരിളം കുരുന്നതായ്
കണ്ടുഞാൻ സദപി വല്ലിയായി നീ.' (പ്രിയദർശനം) ദിവാകരൻ നളിനിയെ ആശ്വസിപ്പിക്കുന്ന സന്ദർഭമാണിത്. വരികളിലെ കാവ്യപരമായ സൗന്ദര്യം വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക

15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.6 മാർക്ക് വീതം

15. 'ജീവിതമെനിക്കൊരു ചുളയായിരുന്നപ്പോൾ
ഭ്രവിനാ വെളിച്ചത്താൽ വെൺമഞാനുളവാക്കി.' ജി.ശങ്കരക്കുറുപ്പ്
*'ഓരോ ദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കാനാണെന്നെ പഠിപ്പിച്ചത്.'(ആത്മാവിന്റെ വെളിപാടുകൾ)
മേൽകൊടുത്ത വരികളിലെ ജീവിത വീക്ഷണവുമായി ചേർന്ന് പോകുന്നതാണോ ശരൺകുമാർ ലിംബാളെയുടെ ബാല്യകാല അനുഭവങ്ങൾ. നിങ്ങളുടെ നിരീക്ഷണങ്ങൾകൂടി ചേർത്ത് വിശദീകരിക്കുക.
16. 'വഹ്നിസന്തപ്തലോഹസ്ഥാംബു ബിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം'. (ലക്ഷ്മണസാന്ത്വനം) ചിരപരിചിതങ്ങളായ ഉദാഹരണങ്ങളിലൂടെയാണ് ഗഹനമായ ജീവിത ദർശനങ്ങൾ എഴുത്തച്ഛൻ അവതരിപ്പിക്കുന്നത്. ലക്ഷ്മണസാന്ത്വനം എന്ന കാവ്യ ഭാഗം അടിസ്ഥാനമാക്കി പ്രസ്താവന വിലയിരുത്തി കുറിപ്പു തയ്യാറാക്കുക
17. 'നിങ്ങളുടെ വരാൻപോകുന്ന ഭാര്യയോട് പറയൂ കുട്ടികളെ ബോർഡിംങ്ങുകളിൽ അയക്കരുതെന്ന്. അവർക്ക് ആയയെ വെക്കരുത്. അമ്മതന്നെ വളർത്തണം. ശാസിക്കുകയും, ലാളിക്കുകയും കൂട്ടുകൂടുകയും വേണം.'(വിശ്വരൂപം) കുട്ടികളെ വളർത്തുക എന്നത് സ്ത്രീയുടെ മാത്രം ചുമതലയല്ല, അച്ഛൻമാർക്കും ഇക്കാര്യത്തിൽ തുല്യ ഉത്തരവാദിത്വമുണ്ട്. മുകളിൽ നൽകിയ ആശയങ്ങളോടുള്ള നിങ്ങളുടെ പ്രതികരണമെന്ത്.?
കഥയും സമകാലിക കുടുംബജീവിതവും പരിശോധിച്ച് കുടുംബജീവിതത്തിലെ സ്ത്രീപുരുഷ തുല്യത എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക

SSLC PRE- MODEL EXAMINATION - 2024

MALAPPURAM DISTRICT

MPM - 209 A

മലയാളം – അടിസ്ഥാന പാഠാവലി

(SET II - A)

Time : 45 Minutes
Total Score : 20

നിർദ്ദേശങ്ങൾ

* ആദ്യത്തെ 7 മിനുട്ട് സമാശ്വാസ സമയമാണ്. * ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം ഉപയോഗിക്കണം. * ചോദ്യങ്ങളും നിർദ്ദേശങ്ങളും ശ്രദ്ധാപൂർവ്വം വായിച്ച് ഉത്തരം എഴുതണം. * ഉത്തരം എഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം

1 മുതൽ 3 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ട് എണ്ണത്തിന് ഉത്തരം എഴുതുക. (2 x 1=2)

1. കവിയുടെ മുമ്പിൽ കാഞ്ചനസിംഹാസനത്തിൽ മുത്തുക്കുടയും ചൂടി ഇരിക്കുന്നത് ആര്?
(മഹാബലി, പുള്ളുവൻ, വീണപ്പെണ്ണ്, കന്യകമാർ)
2. ആറാട്ടുകുന്നിൽ ആദ്യമായി റേഡിയോ വാങ്ങിയത് ആരാണ്?
(ചെമ്പുമത്തായി, ചാക്കുണ്ണി, കുഞ്ഞനം, ഇവരാരുമല്ല)
3. 'ബയണറ്റിനെക്കാൾ ഞാൻ ഭയപ്പെടുന്നത് പത്രത്തിനെയാണ്' ഇങ്ങനെ അഭിപ്രായപ്പെട്ടത് ആരാണ്?
(നെപ്പോളിയൻ, ഇബ്സൺ, ഹിറ്റ്ലർ, ജഫേഴ്സൺ)

4 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ട് എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക. (2 x 2=4)

4. 'ബഹുലക്ഷം ജനങ്ങളുടെ അന്ധകാര ജീവിതത്തിൽ പ്രകാശം പരത്തി അവരെ സ്വാതന്ത്ര്യ ബോധമുള്ള മനുഷ്യരാക്കി ശ്രീനാരായണഗുരു.' അടിവരയിട്ട പ്രയോഗത്തിൽ തെളിയുന്ന അക്കാലത്തെ ജീവിതാവസ്ഥ കണ്ടെത്തുക?
5. 'കാറ്റ് മാറി വീശി, മാർക്കോസ് ക്ഷീണിച്ചപ്പോൾ മത്തായി സഹായിച്ചു തുടങ്ങി.' (കോഴിയും കിഴവിയും)
ഈ വാക്യത്തിൽ നിന്ന് ലഭിക്കുന്ന രണ്ട് സൂചനകൾ എഴുതുക.
6. അർത്ഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കി എഴുതുക.
'ചികിത്സിക്കാനും രക്ഷിക്കാനുമുള്ള വഴികൾ ആരാഞ്ഞു. ഒന്നും കണ്ടു കിട്ടിയില്ല '

7 മുതൽ 9 വരെ ചോദ്യങ്ങൾക്ക് ഏതെങ്കിലും രണ്ടെണ്ണത്തിന് ശരിയുത്തരം എഴുതുക. (2 x4=8)

7. 'പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം അച്ചടിച്ചത് കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്നതാണ്' (പത്ര നീതി) പത്രങ്ങളെ കുറിച്ചുള്ള ലേഖകന്റെ വിമർശനത്തിൽ അടങ്ങിയ പരിഹാസം വിശകലനം ചെയ്യുക?
8. 'ഉണ്ട ചോറു മറക്കരുത്' പഴഞ്ചൊല്ലിന്റെ ആശയവുമായി ബന്ധിപ്പിച്ച് കോഴിയും കിഴവിയും എന്ന കഥയിലെ മത്തായി എന്ന കഥാപാത്രത്തിന്റെ മനോഭാവം വിലയിരുത്തുക ?
9. 'ആർപ്പുവിളിക്കുവിനുണ്ണികളേ ,യല
കടലേ, മേന്മേൽ കുരവയിടു കൊ-
ച്ചരുവികളേ, ചെറുകന്യകളേ, ന-
ല്ലതിഥി നമുക്കിനിയാരിതു പോലെ?'
ഓണം കവി മനസ്സിൽ ഉയർത്തുന്ന അതിരറ്റ ആഹ്ലാദം വരികളിൽ തെളിയുന്നുണ്ടോ? സ്വാഭിപ്രായം കുറിക്കുക?

10 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. (1 x6=6)

10. 'അളവുകൾ തെറ്റിച്ച് അയാൾ ഉടുപ്പുകൾ തുന്നി.'
'കത്രിക തുണികളിലൂടെ തെറ്റി സഞ്ചരിച്ചു"
ചാക്കുണ്ണി എന്ന കഥാപാത്രത്തിന്റെ ആത്മസംഘർഷങ്ങൾ ആവിഷ്ക്കരിക്കാൻ ഇത്തരം പ്രയോഗങ്ങൾക്ക് സാധിക്കുന്നുണ്ടോ? മറ്റു കഥാസന്ദർഭങ്ങൾ കൂടി വിശകലനം ചെയ്ത് എഴുതുക?
11. 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി'
'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്'
'ജാതി ചോദിക്കരുത് പറയരുത്'
ആധുനിക കാലത്ത് നാരായണ ഗുരുവിന്റെ ദർശനങ്ങൾക്ക് പ്രസക്തിയുണ്ടോ? നിങ്ങളുടെ നിരീക്ഷണം കൂടി ഉൾപ്പെടുത്തി ഉപന്യസിക്കുക?

SSLC PRE- MODEL EXAMINATION - 2024

MALAPPURAM DISTRICT

MPM - 209 B

മലയാളം – അടിസ്ഥാന പാഠാവലി

(SET II - B)

Time : 45 Minutes
Total Score : 20

നിർദ്ദേശങ്ങൾ

* ആദ്യത്തെ 7 മിനുട്ട് സമാശ്വാസ സമയമാണ്. * ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം ഉപയോഗിക്കണം. * ചോദ്യങ്ങളും നിർദ്ദേശങ്ങളും ശ്രദ്ധാപൂർവ്വം വായിച്ച് ഉത്തരം എഴുതണം. * ഉത്തരം എഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം

1 മുതൽ 3 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ട് എണ്ണത്തിന് ഉത്തരം എഴുതുക. (2 x 1=2)

1. 'മാർക്കോസിന്റെ അപ്പൻ നിന്നെ മകനെപ്പോലെയാ വിചാരിച്ചിരുന്നത്.'
   കഥാസന്ദർഭം മുൻനിർത്തി മത്തായിയുടെ സ്വഭാവത്തെ സൂചിപ്പിക്കുന്ന പഴഞ്ചൊല്ല് എഴുതുക ?
   (കാര്യം കാണാൻ കഴുതക്കാല് പിടിക്കുക, ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട,
   പാലു കൊടുത്ത കൈക്ക് കടിക്കുക, മുറ്റത്തെ മുല്ലക്ക് മണമില്ല)
2. 'പഴയൊരു പുള്ളുവനാണല്ലോ ഞാൻ ' ഇവിടെ 'ഞാൻ' എന്നു പറയുന്നത് ആരെയാണ്?
   (ഓണത്തപ്പനെ, കവിയെ, അതിഥിയെ, അലകടലിനെ)
3. 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് ' ഈ സന്ദേശം ആരാണ് നൽകിയത്?
   (സ്വാമി വിവേകാനന്ദൻ, ശ്രീനാരായണഗുരു, രാജാറാം മോഹൻ റായ്, അയ്യങ്കാളി)

4 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ട് എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക. (2 x 2=4)

4. 'അറ്റകൈക്ക് ഉപ്പ് തേക്കാത്തവൻ' എന്ന പഴഞ്ചൊല്ലിന് അനുയോജ്യമായ കഥാപാത്രമാണോ ചെമ്പുമത്തായി? (പണയം) കഥാസന്ദർഭത്തിന്റെ അടിസ്ഥാനത്തിൽ രണ്ട് സൂചനകൾ എഴുതുക ?
5. 'ബയണറ്റിനെക്കാൾ ഞാൻ പേടിക്കുന്നത് പത്രത്തിനെയാണ് ' നെപ്പോളിയന്റെ ഈ അഭിപ്രായത്തിന്റെ പൊരുൾ എന്ത്?
6. അർത്ഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കി എഴുതുക.
   'അയൽ വീട്ടുകാരെപ്പറ്റി എന്തെങ്കിലും ആക്ഷേപം പറയാതെ കിടന്നാൽ മത്തായിക്ക് ഉറക്കം വരുകയില്ല. അയാളുടെ ഭാര്യക്കും അങ്ങനെതന്നെ.'

7 മുതൽ 9 വരെ ചോദ്യങ്ങൾക്ക് ഏതെങ്കിലും രണ്ടെണ്ണത്തിന് ശരിയുത്തരം എഴുതുക. (2 x4=8)

7. ശ്രീനാരായണ ഗുരുവിന്റെ ഏതെങ്കിലും രണ്ട് സന്ദേശങ്ങൾ എഴുതി അവ ഇക്കാലത്ത് എത്രമാത്രം പ്രസക്തമാണെന്ന് യുക്തിപൂർവ്വം സമർത്ഥിക്കുക?
8. റേഡിയോ എന്ന മാധ്യമം ഗ്രാമീണ ജീവിതത്തിൽ എത്രമാത്രം സ്വാധീനിച്ചു? നവമാധ്യമങ്ങൾ ഇന്ന് സമൂഹത്തിൽ എന്ത് സ്വാധീനമാണ് വരുത്തുന്നത്? സ്വാനുഭവത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തൽ കുറിപ്പ് തയ്യാറാക്കുക?
9. 'നന്മകൾ കേട്ടതു കണ്ടതു ചൊല്ലാൻ നാക്കിനു കഴിയട്ടെ' (അയ്യപ്പപണിക്കർ)
   'നല്ലവാക്കോതുവാൻ ത്രാണിയുണ്ടാകണം' (കടമ്മനിട്ട)
   രണ്ടു കാവ്യഭാഗങ്ങളിലെയും സന്ദേശം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക?

10 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. (1 x6=6)

10. 'സമത്വ സുന്ദരമായ നാടിനെ സ്വപ്നം കാണുന്ന ഒരുത്സവമാണ് ഓണം'
    വൈലോപ്പിള്ളിയുടെ 'ഓണ മുറ്റത്ത്' എന്ന കവിതയ്ക്ക് ആസ്വാദന കുറിപ്പ് തയ്യാറാക്കുക?
11. 'മത്തായിയൊണ്ടോ ഈ കൂട്ടത്തില് അവനോടൊന്നു പറഞ്ഞേ, എന്റെ കൈയേൽ പിടിച്ച് വടക്കേതിലേക്കൊന്നു കൊണ്ടുപോകാൻ. ഞാനവിടെ കെടന്നു ചത്തോളാം. നന്ദികെട്ട ഈ വംശത്തിന്റെ കൂടെ എനിക്ക് കഴിയാൻ മേല' (കോഴിയും കിഴവിയും)
    'കോഴിയും കിഴവിയും' എന്ന ചെറുകഥ ശുഭമായി അവസാനിക്കുന്നതിൽ മത്തായിയുടെ അമ്മ വഹിക്കുന്ന പങ്ക് കണ്ടെത്തി എഴുതുക ?

QUESTION PAPERS

GET PREVIOUS YEAR QUESTION PAPERS FOR ALL CLASSES FOR CBSE, ISCSE, ISC AND ALL ALL STATE BOARDS HERE AT AGLASEM.COM

BOARD WISE

- Andhra Pradesh Board Question Papers
- Assam Board Question Papers
- Bihar Board Question Papers
- Chhattisgarh Board Question Papers
- Goa Board Question Papers
- Gujarat Board Question Papers
- Haryana Board Question Papers
- Himachal Pradesh Board Question Papers
- J&K State Board Question Papers
- Jharkhand Board Question Papers
- Karnataka Board Question Papers
- Kerala Board Question Papers
- Madhya Pradesh Board Question Papers
- Maharashtra State Board Question Papers
- Manipur Board Question Papers
- Meghalaya Board Question Papers
- Mizoram Board Question Papers
- Nagaland Board Question Papers
- Orissa Board Question Papers
- Punjab Board Question Papers
- Rajasthan Board Question Papers
- Tamil Nadu Board Question Papers
- Telangana State Board Question Papers
- Tripura Board Question Papers
- Uttarakhand Board Question Papers
- Uttar Pradesh (UP) Board Question Papers
- West Bengal (WB) Board Question Papers